# കേരള കാർഷിക സർവ്വകലാശാല
## നെല്ല് ഗവേഷണ കേന്ദ്രം
വൈറ്റില പി.ഒ. എറണാകുളം 682 019.

ഫോൺ : 0484 – 2809963 E mail : rrsvyttila@kau.in

**GSTIN-32AAEAR6908F1ZN**


ആർ.ആർ.എസ്/ബി/487/24 തീയ്യതി, 16/05/2024

## ക്വട്ടേഷൻ നോട്ടീസ്

വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ 2024-25 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ഔദ്യോഗിക യാത്രകൾക്ക് പാസഞ്ചർ കാറുകൾ (4 seated -Maruthi Dzire/Bolero and 7 seated - Innova) ഫാം ആവശ്യങ്ങൾക്ക് പിക്അപ്പ് വാൻ (3 ടൺ വരെ ഭാരം കയറ്റുവാൻ പറ്റുന്നവ) തുടങ്ങിയ വാഹനങ്ങൾ ഡ്രൈവറുടെ സേവനം ഉൾപ്പെടെ വാടകയ്ക്ക് നൽകുന്നതിന് താല്പര്യം ഉള്ള **വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു.**

**നിബന്ധനകൾ**

1. 10 വർഷത്തിൽ അധികം പഴക്കമില്ലാത്ത വാഹനം ആയിരിക്കണം.
2. ക്വട്ടേഷനിൽ ഒരു കിലോമീറ്റർ ദൂരം ഓട്ടത്തിനുള്ള നിരക്കും, വെയിറ്റിംഗ് ചാർജ്ജ് നിരക്കും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. നെല്ല് ഗവേഷണ കേന്ദ്രം വൈറ്റിലയിൽ നിന്നും പുറപ്പെട്ട് തിരികെ നെല്ല് ഗവേഷണ കേന്ദ്രം വൈറ്റിലയിൽ എത്തിച്ചേരുമ്പോഴുള്ള ദൂരം മാത്രമേ കണക്കാക്കുകയുള്ളൂ. മിനിമം നിരക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ളതായിരിക്കും.
3. ഓരോ ഇനം വാഹനത്തിനും ഉള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
4. ഏത് വാഹനമാണ് ഉപയോഗിക്കാൻ നൽകുന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
5. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ലൈസൻസിന്റെ പകർപ്പ്, വാഹനത്തിന്റെ ആർ.സി ബുക്കിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.

**വ്യവസ്ഥകൾ**

1. ട്രിപ്പിനിടയിൽ അംഗീകൃത ടോൾ കൊടുക്കേണ്ടി വരുന്ന പക്ഷം അത് കരാറുകാരൻ തന്നെ നൽകേണ്ടതാണ്. ആയതിന്റെ രസീതി വൗച്ചർ/ ഇൻവോയ്സിനോടൊപ്പം സമർപ്പിക്കുന്ന പക്ഷം പ്രസ്തുത തുക വാടകയോടൊപ്പം നൽകുന്നതായിരിക്കും.
2. മാസത്തിൽ ഒരിക്കൽ വൗച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിക്കുന്നതല്ല.
3. വാഹനം ആവശ്യപ്പെടുന്ന ദിവസം ഹ്രസ്വദൂരയാത്രയെന്നോ, ദീർഘദൂര യാത്രയെന്നോ വ്യത്യാസമില്ലാതെ കൃത്യസമയത്തിനു തന്നെ നിർദ്ദിഷ്ട സ്ഥലത്ത് കൊണ്ടുവരേണ്ടതാണ്.

4. ഈ സ്റ്റേഷനിലെ ഔദ്യോഗിക കാര്യങ്ങൾക്കായി വാഹനം ഓടുമ്പോൾ പ്രസ്തുത ജോലി ഏറ്റെടുക്കുന്ന ആൾക്കോ, വാഹനത്തിനോ ജോലിക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കോ, അറ്റകുറ്റപണികൾക്കോ മറ്റു തകരാറുകൾക്കോ കേരള കാർഷിക സർവകലാശാലക്ക് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.
5. ഡ്രൈവറിന് ടി.എ, ഡി.എ, മറ്റു ബത്തകൾക്കോ യൂണിവേഴ്സിറ്റിയുടെ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല.
6. വാഹനങ്ങൾക്ക് സാധുതയുള്ള കേരള രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ് മുതലായവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
7. ഉൾനാടൻ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ സഞ്ചരിക്കുവാൻ ക്ഷമതയുള്ള വാഹനമായിരിക്കണം.

ക്വട്ടേഷന്റെ കവറിനു പുറത്ത് വാഹനങ്ങൾ 'വാടകക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില എന്ന വിലാസത്തിൽ 06/06/24- ന് ഉച്ച് കഴിഞ്ഞ് 2.00 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം 2.30-ന് സന്നിഹിതരായിരിക്കുന്ന ക്വട്ടേഷണർമാരുടെയോ, അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ അംഗീകരിക്കുന്നതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പരമാധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയത്ത് കേന്ദ്രത്തിൽ നേരിട്ടോ 0484 - 2809963 എന്ന ടെലിഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

ഡോ.ശ്രീലത.എ.കെ
അസോ. പ്രൊഫസർ & ഹെഡ്

പകർപ്പ് :
1. നോട്ടീസ് ബോർഡ്
2. കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റ്
3. കൊച്ചി കോർപ്പറേഷൻ നോട്ടീസ് ബോർഡ്
4. കരുതൽ ശേഖരം

RICE RESEARCH STATION
VYTTILA
ERNAKULAM-682 019
KERALA AGRICULTURAL UNIVERSITY

## വാഹനങ്ങൾ വാടകയ്ക്ക് തരുന്നതിനുള്ള ക്വട്ടേഷൻ

കരാറിന്റെ കാലയളവ്: 01.06.2024 മുതൽ ഒരു വർഷം

| ക്രമ നം. | നിരക്ക് | യാത്രാ വാഹനം (4 seated) | യാത്രാ വാഹനം (7 seated) | പിക് അപ്പ് വാൻ (3 ടൺ വരെ ഭാരം കയറ്റുവാൻ പറ്റുന്നവ)) |
|---|---|---|---|---|
| 1 | റണ്ണിംഗ് കിലോമീറ്റർ നിരക്ക് | | | |
| 2 | വെയിറ്റിംഗ് ചാർജ്ജ് നിരക്ക് (മണിക്കൂറിന്) | | | |
| 3 | ക്വട്ടേഷനറുടെ പേര് | | | |
| 4 | ക്വട്ടേഷനറുടെ പൂർണവിലാസം | | | |
| 5 | മൊബൈൽ നമ്പർ | | | |

### സത്യപ്രസ്താവന

ഞാൻ ......................................................................വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യത്തിലേക്കായി എന്റെ വാഹനം വാടകയ്ക്ക് ഓടുന്നതിന് ക്വട്ടേഷൻ ലഭിക്കുന്ന പക്ഷം ആർ.ആർ.എസ്/ബി/487/24, തീയ്യതി, 16/05/2024 ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകൾക്കും, സർക്കാർ നിബന്ധനകൾക്കും വിധേയമായി ലഭ്യമാക്കാമെന്ന് ഇതിനാൽ ഉറപ്പുനൽകുന്നു.

എന്ന്

സ്ഥലം : :ഒപ്പ്

തീയതി : :പേര്